ഉത്തരം

(എ) ഭാരതപ്പുഴയിൽ മുണ്ടായ എന്ന സ്ഥലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് 11.3 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടാമ്പി ക്രോസ്വേയുടെ മേൽ ഭാഗത്ത് തടയണയ്ക്ക് പകരം ഷട്ടറോടുകൂടിയ ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതാണ് നല്ലതെന്ന് കണ്ടെത്തിയിട്ടുണ്ട്. എലപ്പുള്ളി പഞ്ചായത്തിൽ ചങ്ങണാംകുന്നിനടുത്ത് 3540, 4320 എന്നീ ചെയ്നേജുകളിൽ ഓരോ തടയണകൾ നിർമ്മിക്കുന്നത് പരിശോധനയിലാണ്.

(ബി) ശുദ്ധജലവിതരണ പദ്ധതികൾക്ക് വെള്ളം ലഭിക്കുന്നതിന് ചെക്ക് ഡാം നിർമ്മാണം ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്ലാച്ചിമടയിലെ ജലദൗർലഭ്യം

31 [914] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കകോള ഫാക്ടറി പ്രവർത്തിക്കുന്ന പ്ലാച്ചിമടയിലും പരിസരപ്രദേശത്തും അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമത്തെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഭൂഗർഭജലം എടുക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയന്ത്രണങ്ങൾ കൊക്കകോള കമ്പനി പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ ഭൂഗർഭജലത്തിൽ ആരോഗ്യത്തിന് ഹാനികരമായ മാലിന്യങ്ങൾ അടങ്ങിയിട്ടുണ്ട് എന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാഫലം ലഭ്യമാക്കുമോ; ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കൊക്കകോള കമ്പനിക്ക് മറ്റെവിടെനിന്നെങ്കിലും ജലം സംഭരിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ നിന്നാണെന്നും എന്ത് വ്യവസ്ഥയിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 2002 മാർച്ച് മാസം മുതൽ 2003 മാർച്ച് മാസം വരെ 16 സാധാരണ കിണറുകളിലും 2 കുഴൽക്കിണറുകളിലും നടത്തിയ നിരീക്ഷണത്തിൽ 9 കിണറുകളിലെ ജലവിതാനം 0.22 മീറ്റർ മുതൽ 1. 37 മീറ്റർ വരെ താഴുന്നതായും രണ്ടു കുഴൽക്കിണറുകളിലെ ജലവിതാനം 2003 ഒക്ടോബറിൽ താഴുന്നതായും കണ്ടു 2003 മാർച്ചിൽ ഒരു കിണറിൽ നിശ്ശേഷം വെള്ളമില്ലാതെയായി. മഴയുടെ കുറവുകൊണ്ടും ഫാക്ടറിയിലും അതിനു ചുറ്റുമുള്ള സ്ഥങ്ങളിലേയും കിണറുകളിൽനിന്നും ഭൂഗർഭജലം ധാരാളമായി ഉപയോഗിക്കുന്നതുകൊണ്ടുമാണ് ജലവിതാനത്തിൽ താഴ്ച സംഭവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊക്കകോള ഫാക്ടറി പ്രതിദിനം 5 ലക്ഷം ലിറ്റർ ജലമാണ് ഉപയോഗിക്കുന്നത്. ഇതു 3 ലക്ഷം ലിറ്റർ ആയി കുറയ്ക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് (ഡബ്ലു എ/2125/03 തീയതി 19-1-2003) പ്രകാരം സി. ജി. ഡബ്ല്യു. ആർ. ഡി. എം. എക്സി. ഡയറക്ടറായ ശ്രീ. ഇ. ജെ. ജെയിംസിന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി ഭൂജലത്തിന്റെ അളവും വിനിയോഗവും സംബന്ധിച്ച പഠനം നടത്തിവരുന്നു.

(സി) ഉണ്ട്. കൊക്കകോള ഫാക്ടറിക്കകത്തും പുറത്തുമുള്ള 16 കിണറുകളിലെ വെള്ളം പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 6 എണ്ണത്തിൽ ജലകാഠിന്യം അനുവദനീയ പരിധിയിലും കൂടുതലായി കണ്ടെത്തിയിട്ടുണ്ട്. ഒരെണ്ണത്തിൽ കാൽസ്യം ക്ലോറൈഡിന്റെ അളവ് അനുവദിക്കപ്പെട്ട അളവിനേക്കാൾ കൂടുതലാണ്. ഈ പ്രദേശത്തെ ഭൂജലത്തിൽ ആരോഗ്യത്തിനു ഹാനികരമായ ലെഡ്, കാഡ്മിയം എന്നിവ അനുവദിക്കപ്പെട്ട അളവിലും താഴെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ഡി) ഭൂജലവകുപ്പ് അനുമതി നൽകിയിട്ടില്ല.

ദേശീയ ജലനയം

32 [915] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലനയം സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഓരുവെള്ളം കയറുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ദേശീയ ജലനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അത് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയ ജലനയത്തിനു പൂരകമായിട്ടാണ് സംസ്ഥാന ജലനയം രൂപീകരിച്ചിട്ടുള്ളത്. ദേശീയ ജലവിഭവ കൗൺസിൽ 2002 ഏപ്രിൽ മാസത്തിൽ അംഗീകരിച്ച ദേശീയ ജലനയം അനുസരിച്ച്, ജലവിഭവശേഷി വികസന മേഖലയിൽ വിവിധ പദ്ധതികളുടെ ആവശ്യങ്ങൾ നേടുന്നതിന് താഴെ പറയുന്ന മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ട്:

1. കുടിവെള്ളം
2. ജലസേചനം
3. വൈദ്യുതോൽപ്പാദനം
4. പരിസ്ഥിതി സംരക്ഷണം
5. കാർഷിക, കാർഷികേതര വ്യവസായം
6. ജലഗതാഗതം

(ബി, സി) ഉണ്ട്. ഓരു വെള്ള ഭീഷണി തടയുന്നതിനുള്ള ഗവേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് ദേശീയ ജലനയം ഊന്നൽ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly